**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1147** **07-10-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഫണ്ട് അനുവദിച്ച റോഡ്, കെട്ടിടങ്ങൾ മറ്റ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള റോഡ്, കെട്ടിടങ്ങൾ മറ്റ് പ്രവൃത്തികൾ എന്നിവയുടെ നിർമ്മാണവേളയിൽ  പിന്നീട് വരുത്തുന്ന എസ്റ്റിമേറ്റ് ഭേദഗതികൾക്ക് എം.എൽ.എ. മാരുടെ അനുമതി കത്ത് പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം ആവശ്യപ്പെടുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ്/ സർക്കുലറുകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; | (എ) | സാധാരണ രീതിയിൽ പൊതുമരാമത്ത് മാന്വൽ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നുള്ള കാതലായ വ്യതിയാനങ്ങൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം തേടേണ്ടതുണ്ട്. ഇത്തരം വ്യതിയാനങ്ങളുടെ മൂല കാരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ യുടെ നിർദ്ദേശമാണെങ്കിൽ ആയത് സമർത്ഥിക്കുന്നതിനായി എം.എൽ.എ യുടെ കത്തുകൾ പുതുക്കിയ എസ്റ്റിമേറ്റിന്റെ അനുമതിക്കായി ഒപ്പം സമർപ്പിക്കാറുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലില്ല. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സൈറ്റിലെ സ്ഥിതിഗതികൾ അനുസരിച്ച് വേണ്ടിവരുന്ന ഭേദഗതികൾ എം.എൽ.എയെക്കൂടി അറിയിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കളക്ടർക്ക് സമർപ്പിച്ച് അനുമതി വാങ്ങുക എന്നതാണ് നിലവിലെ രീതി. അത്യാവശ്യ ഘട്ടങ്ങളിൽ ഫണ്ട്/ അനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനും ആഡിറ്റ് ഒബ്ജക്ഷൻ കണക്കിലെടുത്തും എം.എൽ.എ മാരുടെ അനുമതിപത്രം ആവശ്യപ്പെടാറുണ്ട്. എന്നാൽ ഈ പ്രവണത വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. "Scope of Work" നുള്ളിലുള്ള മാറ്റങ്ങളാണെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കിയാൽ മതിയാകുന്നതാണ്. |
| (ബി) | എസ്റ്റിമേറ്റ് ഭേദഗതികൾക്ക് ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ അനുമതി മാത്രം മതിയെന്നിരിക്കെ ഇത്തരം ഭേദഗതികൾക്ക് എം.എൽ.എ. മാരുടെ അനുമതി പത്രം പൊതുമരാമത്ത് എഞ്ചിനീയർമാർ ആവശ്യപ്പെടുന്ന പ്രവണത വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാധാരണ രീതിയിൽ പൊതുമരാമത്ത് മാന്വൽ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നുള്ള കാതലായ വ്യതിയാനങ്ങൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം തേടേണ്ടതുണ്ട്. ഇത്തരം വ്യതിയാനങ്ങളുടെ മൂല കാരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ യുടെ നിർദ്ദേശമാണെങ്കിൽ ആയത് സമർത്ഥിക്കുന്നതിനായി എം.എൽ.എ യുടെ |

| | | | |
|---|---|---|---|
| | | | കത്തുകൾ പുതുക്കിയ എസ്റ്റിമേറ്റിന്റെ അനുമതിക്കായി ഒപ്പം സമർപ്പിക്കാറുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലില്ല. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സൈറ്റിലെ സ്ഥിതിഗതികൾ അനുസരിച്ച് വേണ്ടിവരുന്ന ഭേദഗതികൾ എം.എൽ.എയെക്കൂടി അറിയിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കളക്ടർക്ക് സമർപ്പിച്ച് അനുമതി വാങ്ങുക എന്നതാണ് നിലവിലെ രീതി. അത്യാവശ്യ ഘട്ടങ്ങളിൽ ഫണ്ട്/ അനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനും ആഡിറ്റ് ഒബ്ജക്ഷൻ കണക്കിലെടുത്തും എം.എൽ.എ മാരുടെ അനുമതിപത്രം ആവശ്യപ്പെടാറുണ്ട്. എന്നാൽ ഈ പ്രവണത വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. “Scope of Work” നുള്ളിലുള്ള മാറ്റങ്ങളാണെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കിയാൽ മതിയാകുന്നതാണ്. |
| (സി) | എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തിയിൽ വരുത്തുന്ന പ്രധാന മാറ്റങ്ങൾ എം.എൽ.എ. മാരെ കത്ത് മുഖേന അറിയിക്കുക എന്ന കാര്യം മാത്രം അനുവർത്തിച്ചുകൊണ്ട് ഈ കാര്യവുമായി ബന്ധപ്പെട്ട് വകുപ്പ് വ്യക്തത വരുത്തി കത്ത് ആവശ്യപ്പെടുന്ന പ്രവണത അവസാനിപ്പിക്കുമോ; വിശദമാക്കാമോ? | (സി) | സാധാരണ രീതിയിൽ പൊതുമരാമത്ത് മാന്വൽ പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നുള്ള കാതലായ വ്യതിയാനങ്ങൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം തേടേണ്ടതുണ്ട്. ഇത്തരം വ്യതിയാനങ്ങളുടെ മൂല കാരണങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ യുടെ നിർദ്ദേശമാണെങ്കിൽ ആയത് സമർത്ഥിക്കുന്നതിനായി എം.എൽ.എ യുടെ കത്തുകൾ പുതുക്കിയ എസ്റ്റിമേറ്റിന്റെ അനുമതിക്കായി ഒപ്പം സമർപ്പിക്കാറുണ്ട്. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലില്ല. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സൈറ്റിലെ സ്ഥിതിഗതികൾ അനുസരിച്ച് വേണ്ടിവരുന്ന ഭേദഗതികൾ എം.എൽ.എയെക്കൂടി അറിയിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കളക്ടർക്ക് സമർപ്പിച്ച് അനുമതി വാങ്ങുക എന്നതാണ് നിലവിലെ രീതി. അത്യാവശ്യ ഘട്ടങ്ങളിൽ ഫണ്ട്/ അനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനും ആഡിറ്റ് ഒബ്ജക്ഷൻ കണക്കിലെടുത്തും എം.എൽ.എ മാരുടെ അനുമതിപത്രം ആവശ്യപ്പെടാറുണ്ട്. എന്നാൽ ഈ പ്രവണത വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. “Scope of Work” നുള്ളിലുള്ള മാറ്റങ്ങളാണെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാക്കിയാൽ മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ